# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3696** — **20/06/2019-ൽ മറുപടിയ്ക്ക്**

## ആയുർവേദ ഡ്രഗ് കൺട്രോളർ ആൻഡ് ലൈസൻസിങ് അതോറിറ്റി രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| **എ)** | ആയുർവേദത്തിന് മാത്രമായി ഒരു സ്വതന്ത്ര ഡ്രഗ് കൺട്രോളർ ആൻഡ് ലൈസൻസിങ് അതോറിറ്റി നിലവിൽ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ) യും ബി) യും** | ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ ആയുർവേദ, സിദ്ധ, യുനാനി മരുന്നുകൾക്ക് വേണ്ടി മാത്രമായി ലൈസൻസിംഗ് അതോറിറ്റി നിലവിലുണ്ട്. |
| **ബി)** | ഇത്തരത്തിൽ ഒരു ഡ്രഗ് ലൈസൻസിങ് അതോറിറ്റി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | | |
| **സി)** | 2006 മാർച്ച് മുതൽ 2007 ഒക്ടോബർ വരെ കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി ആയുർവേദത്തിന് എഎസ് യു ഡ്രഗ് കൺട്രോളർ ആൻഡ് ലൈസൻസിങ് അതോറിറ്റി ഉണ്ടായിരുന്നോ; എങ്കിൽ ഈ കാലയളവിന് ശേഷം എന്തുകൊണ്ടാണ് ഈ ലൈസൻസിങ് അതോറിറ്റിയുടെ നിയമനം തുടരാതിരുന്നത് എന്ന് വ്യക്തമാക്കുമോ; | **സി)** | 2002 മുതൽ അഞ്ച് വർഷത്തേയ്ക്ക് കേന്ദ്രസർക്കാരിന്റെ പദ്ധതി പ്രകാരമാണ് ഡ്രഗ്സ് കൺട്രോളർ (ആയുർവേദ) തസ്തിക നിലവിലുണ്ടായിരുന്നത്. അഞ്ച് വർഷത്തിനുശേഷം കേന്ദ്ര സഹായം ലഭ്യമല്ലാതെ വന്നതിനാൽ എ.എസ്.യു ഡ്രഗ്സ് കൺട്രോളറുടെ നിയമനം തുടരാൻ സാധിച്ചില്ല. |
| **ഡി)** | സ്വതന്ത്ര ഡ്രഗ് കൺട്രോളർ ആൻഡ് ലൈസൻസിങ് അതോറിറ്റി ഇല്ലാത്തതുകൊണ്ട് കേരളത്തിൽ ആയുർവേദ മരുന്ന് നിർമ്മാതാക്കൾക്ക് പേറ്റൻറ്, | **ഡി)** | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>ആയുർവേദ, സിദ്ധ, യുനാനി മരുന്നുകൾക്ക് മാത്രമായി ലൈസൻസിംഗ് നൽകുന്നതിനായി ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറെ (എ.എസ്.യു) |

| | |
|---|---|
| പ്രൊപ്രൈറ്ററി പ്രോഡക്ടുകൾക്ക് ലൈസൻസ് എന്നിവ ലഭിക്കാൻ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഈയിനത്തിൽ സർക്കാരിന് ലഭിക്കേണ്ട നികുതി വരുമാനം നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | ലൈസൻസിംഗ് അതോറിറ്റിയായി നിയമിച്ച് പേറ്റൻറ് & പ്രൊപ്രൈറ്ററി മരുന്നുകൾക്ക് അംഗീകാരം നൽകുന്നുണ്ട്. അതിനാൽ നികുതി വരുമാനത്തിൽ നഷ്ടം വരുന്നില്ല. |

**സെക്ഷൻ ഓഫീസർ**